## 97

# "തേജസിൽ എടുക്കപ്പെട്ടു"[1]

## മർക്കൊ. 16:19; ലൂക്കൊ. 24:50-53; പ്രവൃത്തികൾ 1:9-12, ഒരടുത്ത നോട്ടം

നാം ക്രിസ്തുവിന്റെ ജീവിതത്തിന്റെ സ്വാഭാവികമായ അന്ത്യത്തിലേക്ക് വന്നിരിക്കുകയാണ്: അവന്റെ സ്വർഗാരോഹണം. തന്റെ കഷ്ടതക്കുശേഷം തേജസ്ക്കരണമുണ്ടെന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു - അവൻ ആരോഹണം ചെയ്തപ്പോൾ അതു സംഭവിച്ചു: "ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവി*ച്ചിട്ടു* തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ?" (ലൂക്കൊസ് 24:26; എംഫസിസ് മൈൻ). ദൈവശക്തിയുടെ ഏറ്റവും വലിയ പ്രകടനമായിരുന്നു "അവനെ മരിച്ചവരുടെ ഇടയിൽനിന്നും ഉയർപ്പിക്ക*യും* സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തു"എന്നത് (എഫെസ്യർ 1:20; എംഫസിസ് മൈൻ).

സ്വർഗാരോഹണം ക്രിസ്തുവിന്റെ സ്വാഭാവിക ജീവിതത്തിന്റെ അന്ത്യമായിരുന്നു കാരണം അവൻ സ്വർഗത്തിൽനിന്നു വന്നതുകൊണ്ട്, അവന് തിരിച്ച് പോകേണ്ടതും ആവശ്യമായിരുന്നു. ദൈവം "നമ്മുടെ സാദൃശത്തിൽ മനുഷ്യനെ ഉണ്ടാക്ക" (ഉല്പത്തി 1:26) എന്നു പറഞ്ഞതിന്റെ അർത്ഥം യേശുവിന്റെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടുന്നതുകൊണ്ടുകൂടെയാണ് സ്വാഭാവികമായ അന്ത്യം എന്നു പറയുവാൻ കാരണം. അത്, അങ്ങനെ ആകുമ്പോൾ, ആദ്യം ഏദെൻ തോട്ടത്തിൽ ദൈവമനുഷ്യനുണ്ടായിരുന്ന ഒരു പൂർണ്ണകൂട്ടായ്മ യേശു ദൈവത്തിന്റെ അടുക്കൽ വീണ്ടും പോയപ്പോൾ അന്വർത്ഥമാക്കുന്നു.

സ്വർഗാരോഹണത്തെ കുറിച്ച് ബൈബിളിലുള്ളതു നാം പഠിക്കുമ്പോൾ, മുഴുവൻ നമുക്ക് മനസിലാകുകയില്ല എന്നു നാം സമ്മതിക്കണം. ഉദാഹരണത്തിന്, യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരം (അസ്ഥിയോടും മാംസത്തോടും കൂടിയത്[2]) രൂപാന്തരപ്പെട്ടു സ്വർഗീയ വാതിലിൽ കൂടെ പ്രവേശിക്കുവാൻ കഴിഞ്ഞോ? ഈ ചോദ്യത്തിനോ ഇതുപോലെയുള്ള മറ്റു ചോദ്യത്തിനോ പുതിയനിയമം ഉത്തരം നൽകുന്നില്ല. സ്വർഗാരോഹണത്തെ കുറിച്ച് തിരുവെഴുത്ത് പറയുന്നുണ്ട്, പക്ഷെ അതിനെ വിശദീകരിക്കുന്നില്ല. വാസ്തവത്തിലുള്ള ആ സംഭവത്തെ കുറിച്ച് മൂന്നു വേദഭാഗങ്ങളിലുണ്ട്:

> അനന്തരം അവൻ അവരെ ബേഥാന്യയോളം കൂട്ടിക്കൊണ്ടുപോയി കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു സ്വർഗാരോഹണം ചെയ്തു. അവർ അവനെ നമസ്ക്കരിച്ചു മഹാസന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങിച്ചെന്നു (ലൂക്കൊസ് 24:50-52).

> ഇതു പറഞ്ഞശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടീട്ട് അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു. അവൻ

പോകുന്നേരം അവർ ആകാശത്തേക്ക് ഉറ്റുനോക്കുമ്പോൾ, വെള്ളവസ്ത്രം ധരിച്ച രണ്ടുപുരുഷന്മാർ അവരുടെ അടുക്കൽനിന്നു, "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു."

പിന്നെ അവർ യെരുശലേമിന്നു സമീപത്ത് ഒരു ശബ്ബത്ത് ദിവസത്തെ വഴിദൂരമുള്ള ഒലിവ് മല വിട്ട് യെരുശലേമിലേക്ക് മടങ്ങി പോന്നു (പ്രവൃത്തികൾ 1:9-12).

ഇങ്ങനെ കർത്താവായ യേശു അവരോട് അരുളിച്ചെയ്തശേഷം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു (മർക്കൊസ് 16:19).

ഈ ചുരുങ്ങിയ വിവരണത്തിനു പുറമെ, പുതിയനിയമത്തിലെ ഈ സംഭവത്തെകുറിച്ച് - നേരിട്ടോ അല്ലെങ്കിൽ പരോക്ഷമായിട്ടോ - ധാരാളം വാക്യങ്ങളുണ്ട്. ഇതാ ചില ഉദാഹരണങ്ങൾ:

- യേശു ഉയർത്തെഴുന്നേറ്റ ശേഷം, "സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു" എന്ന്, പത്രൊസ് തന്റെ ആദ്യത്തെ സുവിശേഷ പ്രസംഗത്തിൽ പറഞ്ഞു (പ്രവൃത്തികൾ 2:33).
- തന്റെ രണ്ടാം പ്രസംഗത്തിൽ, ക്രിസ്തുവിനെ കുറിച്ച്, പത്രൊസ് പറഞ്ഞു, "ഒക്കെയും യഥാസ്ഥാനത്താകുവോളം സ്വർഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു"[3] (പ്രവൃത്തികൾ 3:21).
- "ഇനി അവൻ ദ്രവത്വത്തിലേക്ക് തിരിയാതവണ്ണം ദൈവം യേശുവിനെ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേല്പിച്ചു" എന്ന് പൗലൊസ് പിസിദ്യയിലെ അന്ത്യോക്യ പള്ളിയിൽ പ്രസംഗിച്ചു (പ്രവൃത്തികൾ 13:34).
- എഫെസ്യർക്ക് പൗലൊസ് ലേഖനം എഴുതുമ്പോൾ ആരോഹണത്തെ കുറിച്ച് വിപുലമായ ഒരു കുറിപ്പ് അവൻ നല്കുന്നു: "അതുകൊണ്ട്, അവൻ ബദ്ധന്മാരെ[4] പിടിച്ചുകൊണ്ടുപോയി 'ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു'[5] എന്നു പറയുന്നു. (ഇപ്പോൾ 'അവൻ കയറി' എന്ന പ്രയോഗം, അർത്ഥമാക്കുന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നു വരുന്നില്ലയോ?[6] ഇറങ്ങിയവൻ സകലത്തേയും നിറക്കേണ്ടതിന്ന് സ്വർഗാധിസ്വർഗത്തിന്നു മീതെ കയറിയവനും ആകുന്നു എന്നത്രെ)" (എഫെസ്യർ 4:8-10).
- വെളിപ്പാട് പുസ്തകം അദ്ധ്യായം 12-ൽ, സ്ത്രീയുടേയും തീനിറമുള്ള സർപ്പത്തിന്റേയും ദർശനം നമുക്ക് ഉണ്ട്. വാക്യം 5-ൽ, യേശുവിന്റെ ജനനത്തെയും പിന്നീടുള്ള ആരോഹണത്തെയും പറ്റി പറയുന്നുണ്ട്: "അവൾ സകല ജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു;[7] കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു."

ആരോഹണം രണ്ട് ഉദ്ദേശങ്ങൾ നിറവേറ്റി:അതു ഭൂതകാലത്തെ ഉച്ചസ്ഥായിയിലെത്തിക്കുകയും ഭാവിക്ക് വഴി ഒരുക്കുകയും ചെയ്തു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആരോഹണം യേശുവിന്റെ ഭൗമിക ശുശ്രൂഷ ഉച്ചസ്ഥായിയിലെത്തുകയും, അടുത്ത പടിയായി ശിഷ്യന്മാരുടെ ശുശ്രൂഷക്ക് വഴി ഒരുക്കുകയും ചെയ്തു. ആരോഹണം ഇല്ലെങ്കിൽ യേശു ഉയർത്തെഴുന്നേറ്റതിനും ഏതാണ്ട് അമ്പതു ദിവസങ്ങൾക്ക് ശേഷം പെന്തെകൊസ്തുനാളിൽ ആത്മാവ് വരുന്നതിനും ഇടക്ക് എന്തോ നഷ്ടമാകുന്നതായി വരും.[8] യേശുവിന്റെ ഭൗമിക ശുശ്രൂഷയും ശേഷം അപ്പൊസ്തലന്മാരുടെ പ്രത്യേകശുശ്രൂഷയും തമ്മിൽ വേർപിരിക്കുന്ന ഘടകമാണ് സ്വർഗാരോഹണം.

## ക്രിസ്തുവിന്റെ തേജസ്ക്കരണം

യേശു തേജസിൽ എടുക്കപ്പെട്ടപ്പോൾ, സ്വർഗാരോഹണം ഉച്ചസ്ഥായിയിലെത്തി. "ക്രിസ്തു മഹത്വത്തിൽ ... പ്രവേശിക്കേണ്ടത് ആവശ്യം" എന്നാണ് അവൻ പറഞ്ഞിരുന്നത് (ലൂക്കൊസ് 24:26). യേശു "തേജസിൽ എടുക്കപ്പെട്ടു എന്നാണ് പൗലൊസ് എഴുതിയത്" (1 തിമൊഥെയൊസ് 3:16). "ദൈവം ... അവന്നു തേജസ് കൊടുത്തിരിക്കുന്നു" എന്നാണ് പത്രൊസ് പറഞ്ഞത് (1 പത്രൊസ് 1:21).

ആദ്യം കേൾക്കുമ്പോൾ അതിശയമായേക്കാം, ആരോഹണം ക്രിസ്തുവിന്റെ ദൗത്യത്തിന്റെ പരമസ്ഥാനമാണ്. ഇതിനെ കുറിച്ച് ഒരു നിമിഷം ചിന്തിക്കുക. അതു കൂടുതൽ ആഹ്ലാദിപ്പിക്കുന്നതാണ്: ചില നിബന്ധനകൾ പാലിക്കുവാനും, ആ നിബന്ധനകളുടെ ഫലങ്ങൾ അനുഭവിക്കുവാൻ നിങ്ങൾ അവ പാലിച്ചിട്ടുണ്ടോ?[9] ഈ സമയത്തേക്ക്, രക്ഷകൻ മഹാപുരോഹിതനായും രാജാവായും പ്രവർത്തിക്കേണ്ടതിന്ന് ഒരുങ്ങുകയായിരുന്നു. ആ ഒരുക്കമാണ് അവന്റെ ആരോഹണത്തെ കിരീടം അണിയിച്ചത്. ഫിലിപ് യാൻസി എഴുതി,

> [ഉയർത്തെഴുന്നേല്പ്] ഞായർ ശിഷ്യന്മാർക്ക് ഏറ്റവും ആവേശകരമായ ദിവസം ആയിരുന്നു എങ്കിൽ, യേശുവിന് അത് ഒരുപക്ഷെ ആരോഹണത്തിന്റെ ദിവസം ആയിരുന്നേക്കാം. വളരെയധികം ഉപേക്ഷിച്ചുകൊണ്ടാണ് സൃഷ്ടികർത്താവ് ഇറങ്ങി വന്നത്, ഇപ്പോൾ അവനു തിരിച്ചുപോകുവാൻ സമയമായി. ഒരു പടയാളി രക്തം ചിന്തുന്ന യുദ്ധത്തിന് കടൽ കടന്ന് പോയി തിരിച്ചുവരുന്ന ഒരു യോദ്ധാവിനെ പോലെയാണ്. ശൂന്യാകാശ സഞ്ചാരി തന്റെ യാത്ര കഴിഞ്ഞു ശൂന്യാകാശത്ത് നിന്നു തനിക്ക് പരിചയമുള്ള ഭൂമിയിലേക്ക് [10] വീണ്ടും ഇറങ്ങി വരുന്നതുപോലെയാണ്.[11]

### തേജസ്ക്കരിക്കപ്പെട്ടു

യേശുക്രിസ്തു സ്വർഗത്തിലേക്ക് പോയത് എങ്ങനെയായിരിക്കുമെന്ന് ഒന്ന് ഊഹിച്ചുനോക്കുക. നിങ്ങളുടെ മനസിൽ, സ്വർഗീയ പ്രതലത്തിൽ മാറ്റൊലിക്കൊള്ളുന്ന സന്തോഷ ധ്വനികൾ നിങ്ങൾക്ക് കേൾക്കുവാൻ കഴിയുന്നുണ്ടോ?

ഒരു രാജാവ് വിജയശ്രീലാളിതനായി വീട്ടിലേക്കു തിരിച്ചുവരുമ്പോഴുള്ള സന്തോഷത്തിന്റെ കീർത്തനമാണ് സങ്കീർത്തനങ്ങൾ 24. അതു കർത്താവ് സ്വർഗത്തിലേക്ക് മടങ്ങിച്ചെല്ലുമ്പോഴുണ്ടാകുന്ന സന്തോഷത്തിന്റെ വാക്കു

കളായി പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്.

അവൻ സ്വർഗാരോഹണം ചെയ്തപ്പോൾ ദൂതന്മാർ അവനെ സ്വീകരിച്ചു: "വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ, പണ്ടേയുള്ള കതകുകളേ ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ!" (വാക്യം 7). നഗരത്തിലുള്ളവർ പ്രതികരിച്ചു, "മഹത്വത്തിന്റെ രാജാവ് ആർ?" (വാക്യം 8). യേശുവിനോടുകൂടെ ഉണ്ടായിരുന്ന ദൂതന്മാർ അത്യുച്ചത്തിൽ ഘോഷിച്ചു "ബലവാനും വീരനുമായ യഹോവ, യൂദ്ധവീരനായ യഹോവ തന്നെ" (വാക്യം 8). പിന്നെ വീണ്ടും അവർ നിലവിളിച്ചു, "വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ, പണ്ടേയുള്ള കതകുകളേ ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ!" (വാക്യം 9). നഗരത്തിലുള്ളവർ ഒരിക്കൽകൂടെ ചോദിച്ചു, "മഹത്വത്തിന്റെ രാജാവ് ആർ?" (വാക്യം 10). ഇപ്രാവശ്യം യേശുവിനോടുകൂടെ ഉണ്ടായിരുന്നവർ ഈ ഗാനം ആലപിച്ചു, "സൈന്യങ്ങളുടെ യഹോവ തന്നെ, അവനാകുന്നു മഹത്വത്തിന്റെ രാജാവ്" (വാക്യം 10).

യേശു സ്വർഗീയ വാതിൽ കടന്നപ്പോൾ, "ലോകം ഉണ്ടാകുംമുമ്പെ അവനുണ്ടായിരുന്ന മഹത്വം" വീണ്ടും ലഭിച്ചു (യോഹന്നാൻ 17:5).

> അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നൽകി.[12] അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും (ഫിലിപ്പിയർ 2:9-11).

മനുഷ്യരുടെ പാപങ്ങൾക്ക് വേണ്ടി ഊനമില്ലാത്ത കുഞ്ഞാട് അറുക്കപ്പെട്ടതുകൊണ്ട് സ്വർഗത്തിലെ സർവ്വസൈന്യവും അവനെ പുകഴ്ത്തുവാൻ തുടങ്ങി (1 പത്രൊസ് 1:18, 19 നോക്കുക). യോഹന്നാൻ എഴുതി,

> പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റേയും ജീവികളുടേയും മൂപ്പന്മാരുടേയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു. അവരുടെ എണ്ണം പതിനായിരം പതിനായിരുവും ആയിരം ആയിരവുമായിരുന്നു. അവർ അത്യുച്ചത്തിൽ "അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ" എന്നു പറഞ്ഞു (വെളിപ്പാട് 5:11, 12).

പിന്നെ ദൈവം അവനെ "സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് ഇരുത്തി" (എഫെസ്യർ 1:20).

**മഹാപുരോഹിതനായി**

യേശു സ്വർഗാരോഹണം ചെയ്തപ്പോൾ, അവൻ നമ്മുടെ മഹാപുരോഹിതനായി തീർന്നു. എബ്രായലേഖകൻ പറഞ്ഞു, "ആകാശത്തുകൂടെ കടന്നുപോയോരു[13] ദൈവപുത്രനായ യേശുക്രിസ്തു എന്ന ശ്രേഷ്ഠമഹാപുരോഹിതനാണ് നമുക്കുള്ളത്" (എബ്രായർ 4:14).

പ്രതിഷ്ഠോൽസവദിനത്തിൽ തന്റേയും ജനത്തിന്റേയും അബദ്ധങ്ങൾക്കു വേണ്ടി ആണ്ടിലൊരിക്കൽ പഴയനിയമകാലത്തുണ്ടായിരുന്ന മഹാപരോഹി തന്മാർ മൃഗരക്തവുമായി അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുമായിരുന്നു (ലേവ്യാപുസ്തകം 16:2–34). നമ്മുടെ മഹാപുരോഹിതനായി, യേശു സ്വർഗ ത്തിലേക്ക് മടങ്ങിയപ്പോൾ, അവൻ പോയത്, നമ്മുടെ പാപങ്ങൾക്ക് വേണ്ടി തന്റെ സ്വന്ത രക്തവുമായിട്ടായിരുന്നു. ഇതിനെ കുറിച്ച്, എബ്രായലേഖനം പറയുന്നു,

> ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതായി, എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത തായി, വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാ രുടേയും പശുക്കിടാങ്ങളുടേയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു (9:11, 12).
>
> ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശു ദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്ക് വേണ്ടി ദൈവസന്നിധിയിൽ പ്രത്യ ക്ഷനാവാൻ സ്വർഗത്തിലേക്കത്രേ പ്രവേശിച്ചത് (9:24).
>
> യേശുവോ, പാപങ്ങൾക്ക് വേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവ ത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു (10:12).

അവൻ നമ്മുടെ മദ്ധ്യസ്ഥനാകുന്നു എന്നതാണ് യേശുവിന്റെ മഹാ- പൗരോഹിത്യത്തിന്റെ മറ്റൊരു പ്രത്യേകത. പൗലൊസ് എഴുതി, "ദൈവ ത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനും ഒരുവൻ, മനുഷ്യനായിരുന്ന ക്രിസ്തുയേശു തന്നെ" (1 തിമൊഥെയൊസ് 2:5). ഈ ഏർപ്പാടിലുള്ള അത്ഭു തമെന്തെന്നാൽ യേശുവിന്റെ പങ്ക് *സഹതാപമുള്ളതാണ്* എന്നതത്രെ:

> നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യ മായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത് ... . അതുകൊണ്ട് കരുണ ലഭി പ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തോട് അടുത്തു ചെല്ലുക (എബ്രായർ 4:15, 16).

യേശു ശരീരത്തോടെ സ്വർഗാരോഹണം ചെയ്യുവാനുള്ള പ്രാധാന്യത്തി ലുള്ള ഒരു കാരണം ഒരുപക്ഷെ ഇതായിരിക്കാം. എല്ലായ്പോഴും യേശു വിലെ *മനുഷ്യന്* ഒരു പങ്കുണ്ട് എന്ന് പറയപ്പെട്ടിട്ടുണ്ട്. 1 തിമൊഥെയൊസ് 2:5 ലെ "മനുഷ്യൻ" എന്ന വാക്ക് നോക്കുക: "... ദൈവത്തിനും മനുഷ്യർക്കും തമ്മിൽ മദ്ധ്യസ്ഥൻ ഏകൻ ... *മനുഷ്യനായ* യേശുക്രിസ്തു തന്നെ" (എം ഫസിസ് മൈൻ). "അരയോപക കുന്നിൽ വെച്ചുള്ള പ്രസംഗത്തിൽ" പൗലൊസും ഇതേ വാക്ക് ഉപയോഗിച്ചിട്ടുണ്ട്: ദൈവം "നിയമിച്ച *പുരുഷൻ* മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവ സത്തെ നിശ്ചയിച്ചു, അവനെ മരിച്ചവരിൽനിന്നുയർപ്പിച്ചതിനാൽ എല്ലാ

വർക്കും അതിന്റെ ഉറപ്പു നല്കിയിരിക്കുന്നു" (പ്രവൃത്തികൾ 17:31; എംഫസിസ് മൈൻ). വെളിപ്പാട് 4 ലും 5 ലും സിംഹാസനരംഗത്തിൽ, കുഞ്ഞാട് (യേശു) "അറുക്കപ്പെട്ട" നിലയിലായിരുന്നു സിംഹാസനത്തിന് മുമ്പിൽ നിന്നത് (വെളിപ്പാട് 5:6) - അത് ഒരു വിധത്തിൽ, സ്വർഗത്തിൽ പോലും ക്രൂശിക്കപ്പെട്ട അടയാളത്തോടെയാണ് അവൻ നില്ക്കുന്നത് എന്ന് ചില എഴുത്തുകാർ പറയുവാനിടയായിട്ടുണ്ട്. യേശു സ്വർഗാരോഹണം ചെയ്ത ശേഷം, ജഡം എത്ര ബലഹീനമാണെന്ന് അവൻ മറന്നില്ല. നിങ്ങളും ഞാനും ഭൗതികശരീരത്തിൽ എത്ര പ്രയാസപ്പെടുന്നു എന്ന് അവനറിയാം. ഒരു മഹാപുരോഹിതനായി അവൻ ഓർമ്മിക്കയും മനസിലാക്കുകയും ചെയ്യുന്നു![14]

**രാജാവായി**

യേശു തീർച്ചയായും നമ്മുടെ മഹാപുരോഹിതനായി തീർന്നു; എങ്ങനെയായാലും, "തേജസ്ക്കരിക്കപ്പെട്ടു" എന്ന വാക്ക് നാം കേൾക്കുമ്പോൾ നാം ഒരുപക്ഷെ ചിന്തിക്കുന്നത് *രാജാവിന്റെ* കിരീടധാരണമായിട്ടായിരിക്കും.നാം കണ്ടു കഴിഞ്ഞതുപോലെ, "യേശു സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകുയും ചെയ്തു" (മർക്കൊസ് 16:19). വീണ്ടും, വീണ്ടും യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതായിട്ടാണ് തിരുവെഴുത്തുകൾ പറയുന്നത്. സ്തെഫാനൊസ് മരിച്ചപ്പോൾ, "പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗത്തിലേക്ക് ഉറ്റുനോക്കി, ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് മനുഷ്യപുത്രൻ നില്ക്കുന്നതും കണ്ടു" (പ്രവൃത്തികൾ 7:55, 56).[15] പൗലൊസ് എല്ലാ ക്രിസ്ത്യാനികളോടും പറയുന്നത്. "ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നിടമായ ഉയരത്തിലുള്ള ചിന്തിപ്പിൻ" എന്നാണ് (കൊലൊസ്യർ 3:1). "അവൻ സ്വർഗത്തിലേക്ക് പോയി ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. ദൂതന്മാരും അധികാരികളും ശക്തികളും അവന്നു കീഴ്പ്പെട്ടുമിരിക്കുന്നു" (1 പത്രൊസ് 3:21, 22).

യേശു ഉയർത്തെഴുന്നേറ്റു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു കർത്താവായി വാഴുന്നു എന്ന്, പെന്തെകൊസ്തുനാളിൽ അത്ഭുത കാഴ്ച്ചയും ശബ്ദവും ഉപയോഗിച്ച് പത്രൊസ് തെളിയിച്ചു:

> അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി നിങ്ങൾ ഈ കാൺകയും കേൾക്കയും[16] ചെയ്യുന്നതു പകർന്നു തന്നു. ദാവീദ് സ്വർഗാരോഹണം ചെയ്തില്ലല്ലൊ, എന്നാൽ അവൻ, "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ 'എന്റെ വലത്തുഭാഗത്ത് ഇരിക്ക എന്നു കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു'" എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ - യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ (പ്രവൃത്തികൾ 2:33-36).

ദൈവം യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ചു എന്നു പൗലൊസ് പറഞ്ഞു ...

> അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇട യിൽനിന്ന് ഉയർപ്പിക്കയും സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോക ത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും *സർവ്വവും* അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിന്നും മീതെ തലയാക്കി എല്ലാറ്റിലും *എല്ലാം* നിറെ ക്കുന്ന അവന്റെ ശരീരമാകുന്ന സഭക്ക് കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:20–22; എംഫസിസ് മൈൻ).

യേശു രാജാവായിതീർന്ന് സിംഹാസനത്തിലിരുന്നു തന്റെ പിതാവിനോ ടൊപ്പം ഇരുന്ന് സഹ-വാഴ്ച്ച നടത്തുന്നത് എത്ര മനോഹരമായ സന്ദർഭമാ കണം! ദാനിയേലിന്റെ പുസ്തകം അദ്ധ്യായം 7-ൽ പ്രവാചകൻ രാത്രി ദർശനം കണ്ടത് യേശുവിന്റെ കിരീടധാരണത്തെയാണ് വിവരിച്ചിരിക്കുന്ന തെന്ന് പലരും വിശ്വസിക്കുന്നുണ്ട്:

> രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോട് [യേശു] സദൃശ്യനായ ഒരു ത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികന്റെ [ദൈവം] അടുക്കൽ ചെന്നു. അവർ അവനെ അടുത്തു വരുമാറാക്കി. സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്ന് അവന്ന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്തതും നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാ ത്തതുമാകുന്നു (ദാനിയേൽ 7:13, 14).[17]

തന്റെ ആരോഹണത്തിന് തൊട്ടു മുൻപ്, യേശു പറഞ്ഞു, “സ്വർഗ ത്തിലും ഭൂമിയിലും ... സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു” (മത്തായി 28:18). എല്ലാവർക്കും മീതെ കർത്താവ് ‘‘ഒരുവൻ മാത്രം’’ (എഫെസ്യർ 4:5) അത് യേശുക്രിസ്തുവാണ്.[18] ആ വലിയ സത്യത്തെ ഉറ പ്പിക്കുന്നതാണ് സ്വർഗാരോഹണം!

### ശിഷ്യന്മാരെ തയ്യാറാക്കൽ

യേശുവിന്റെ ഭൗമിക ശുശ്രൂഷയിൽ ഏറ്റവും ആവേശകരമായ ദിവസ മായിരുന്നു സ്വർഗാരോഹണദിവസം എന്ന് ഞാൻ മുൻപ് പറയുകയുണ്ടായി. എങ്ങനെയായാലും, സ്വർഗാരോഹണം അവന്റെ പ്രയോജനത്തിനുവേണ്ടി യായിരുന്നില്ല; അതു ശിഷ്യന്മാർക്ക് പ്രത്യേക പ്രാധാന്യമുള്ളതായിരുന്നു. വലിയ വിടവാങ്ങൽ പ്രസംഗത്തിൽ ക്രിസ്തു അവരോട് പറഞ്ഞു, ‘‘... ഞാൻ പോകുന്നതു *നിങ്ങൾക്ക്* പ്രയോജനം’’ (യോഹന്നാൻ 16:7; എംഫസിസ് മൈൻ).

#### ഉത്തരവാദിത്വം മാറി

താൻ പോകുന്നുവെന്നും - പോയശേഷം തനിക്ക് പകരം അവർ തന്റെ ദൗത്യം നിർവ്വഹിക്കേണം എന്നും യേശു തന്റെ അപ്പൊസ്തലന്മാരോടു പറ ഞ്ഞു. “... പിതാവ് എന്നെ അയച്ചതപോലെ, ഞാൻ നിങ്ങളെ അയക്കുന്നു” എന്നാണ് അവൻ അവരോട് പറഞ്ഞത് (യോഹന്നാൻ 20:21). “[നി] ങ്ങൾ

ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" എന്നും അവരോട് പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:8; എംഫസിസ് മൈൻ).

ഒരു നിമിഷത്തേക്ക്, അപ്പൊസ്തലന്മാരുടെ സ്ഥാനത്ത് നിങ്ങളാണെന്ന് വിചാരിക്കുക. താൻ പോകുമെന്ന് കർത്താവ് അവരോട് പറഞ്ഞിരുന്നു, എന്നാൽ എങ്ങനെ എന്നോ, എപ്പോഴാണെന്നോ, അല്ലെങ്കിൽ എവിടെ വെച്ചാണെന്നോ അവർ അറിഞ്ഞിരുന്നില്ല. അവൻ നാല്പതു - ദിവസം അവരോടൊപ്പമായിരുന്ന ഓരോ സമയത്തും അവർ വിചാരിച്ചു കാണും, "അതു ഇപ്പോഴായിരിക്കുമോ? ഇവിടെ വെച്ചായിരിക്കുമോ?" എങ്ങനെയായാലും, അവൻ സ്വർഗാരോഹണം ചെയ്തപ്പോൾ, അവർ ശ്വാസം അടക്കിപ്പിടിച്ചു നോക്കി നിന്നു, അവൻ മേഘത്തിൽ മറഞ്ഞപ്പോൾ, പിന്നെ ചോദ്യങ്ങൾക്കൊന്നും പ്രസക്തി ഇല്ല. അവൻ പോയി, വാസ്തവത്തിൽ പോയിരിക്കുന്നു.[19] ഉത്തരവാദിത്വം അവരിലേക്ക് മാറ്റി കൊടുത്തു.

സാദൃശ്യങ്ങൾ ഓർമ്മ വരുന്നു. ഒന്ന് പ്രകൃതിയിൽനിന്നാണ്:സ്വർഗാരോഹണം എന്നതു ഒരു അമ്മപ്പക്ഷി ചിറകുമുളച്ച തന്റെ കുഞ്ഞുങ്ങളെ കൂട്ടിൽനിന്ന് പുറത്താക്കുന്നതുപോലെയാണ്, ഫലത്തിൽ, അത് സൂചിപ്പിക്കുന്നത്, "ഇനി നിങ്ങൾ സ്വന്തം കാലിൽ നില്ക്കണം!" മറ്റൊരു ചിത്രീകരണം സഭാജീവിതത്തിൽനിന്നാണ്: സ്വർഗാരോഹണം ഒരു മിഷ്ണറി തന്റെ ഇടവകയോട്, "എനിക്ക് വീട്ടിലേക്ക് മടങ്ങണം, ഇനി ഇവിടത്തെ വേല നിങ്ങളിൽ ഭരമേല്പിക്കുകയാണ്!"

**ആത്മാവിനെ നല്കി**

അപ്പൊസ്തലന്മാരിൽ വലിയ ഉത്തരവാദിത്വം നിക്ഷിപ്തമാക്കിയെന്നു മാത്രമല്ല ആരോഹണം വ്യക്തമാക്കുന്നത്, ആ ഉത്തരവാദിത്വം നടപ്പാക്കുവാൻ ദൈവികസഹായം ലഭിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. അവരുടെ പ്രയോജനത്തിനാണ് താൻ പോകുന്നതെന്ന് അപ്പൊസ്തലന്മാരോട് യേശു പറഞ്ഞശേഷം അതെന്തുകൊണ്ടാണെന്ന് അവൻ അവരോട് പറഞ്ഞു: "ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല" (യോഹന്നാൻ 16:7). പരിശുദ്ധാത്മാവാണ് അവൻ പറഞ്ഞ "കാര്യസ്ഥൻ." അവൻ തന്റെ വാഴ്ച്ച തുടങ്ങിയില്ലെങ്കിൽ, പരിശുദ്ധാത്മാവിനെ അവരുടെ മേൽ അയക്കുവാൻ സാധ്യമല്ല. ദൈവത്തിന്റെ വലത്ത് ഭാഗത്ത് ഇരുന്നില്ലായെങ്കിൽ വാഴ്ച്ച നടത്തുവാനും സാധ്യമല്ല. അവൻ പറഞ്ഞു, "ഞാൻ പോയാലോ," "അവനെ നിങ്ങളുടെ അടുക്കൽ അയക്കും." (യോഹന്നാൻ 16:7) "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ, നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹന്നാൻ 16:13).

അവൻ സ്വർഗാരോഹണം ചെയ്യുന്നതിനു തൊട്ടുമുൻപ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും. നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ" (ലൂക്കൊസ് 24:49). അങ്ങനെ അവരുടെ തെറ്റിദ്ധാരണ മാറും, പിന്നെയും അവൻ പറഞ്ഞു, "... പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും" (പ്രവൃത്തികൾ 1:8). അവർ പത്തു ദിവസം യെരുശലേമിൽ കാത്തിരിക്കയും, യെഹൂദന്മാരുടെ പെന്തെകൊസ്തു പെരുന്നാളിൽ, പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അവർക്ക് ശക്തി ലഭിക്കയും ചെയ്തു:

> പെന്തെകൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരുസ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കമുണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ [പഠിക്കാത്ത ഭാഷ] സംസാരിച്ചു തുടങ്ങി (പ്രവൃത്തികൾ 2:1-4).

മുൻപ് നാം കണ്ടതുപോലെ, പത്രൊസ് അത്ഭുതപ്രവൃത്തികൾ ചെയ്തത് യേശു വാസ്തവത്തിൽ രാജാവായി കിരീടധാരണം നടത്തിയിരിക്കുന്നു എന്നതിന്റെ തെളിവാണത്: "അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാൺകയും കേൾക്കയും ചെയ്യുന്നത് പകർന്നു തന്നു" (പ്രവൃത്തികൾ 2:33). അനുക്രമം നോക്കുക: പരിശുദ്ധാത്മ വാഗ്ദാനം യേശുവിനു പിതാവിൽനിന്നു ലഭിക്കയും, അവൻ അത് അപ്പൊസ്തലന്മാരിൽ പകരുകയും ചെയ്തു.

പിതാവ്
↘ യേശു
↘ പരിശുദ്ധാത്മാവ്
↘ അപ്പൊസ്തലന്മാർ

അങ്ങനെ ഘനമുള്ള ഉത്തരവാദിത്വം നിർവ്വഹിപ്പാൻ യേശു തന്റെ അപ്പൊസ്തലന്മാരെ തയ്യാറാക്കി. പരിശുദ്ധാത്മാവിന്റെ സഹായത്താൽ, പത്രൊസിന് ആദ്യമായി സുവിശേഷം പൂർണ്ണമായി പ്രസംഗിപ്പാൻ കഴിഞ്ഞു (പ്രവൃത്തികൾ 2:14-36). ആളുകൾക്ക് തങ്ങളുടെ പാപങ്ങളുടെ മോചനത്തിന് എന്തു ചെയ്യണമെന്ന് പരിശുദ്ധാത്മ സഹായത്താൽ പത്രൊസ് പ്രസംഗിച്ചു (പ്രവൃത്തികൾ 2:37, 38). മൂവായിരം പേർ കേട്ടു, വിശ്വസിച്ചു, അനുസരിച്ചു, രക്ഷ പ്രാപിച്ചു (പ്രവൃത്തികൾ 2:41, 47)!

ഇന്ന് നമുക്ക് അതേ ആത്മ-ശ്വാസീയ വചനം കേൾക്കുവാനും, അതേ ആത്മ-ശ്വാസിയ സത്യങ്ങൾ വിശ്വസിക്കുവാനും, അതേ ആത്മ-ശ്വാസിയ കല്പനകൾ അനുസരിക്കുവാനും, ആത്മ-ശ്വാസിയ വചനത്തിൽ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിപ്പാനും കഴിയും. യേശു "സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതുകൊണ്ടാണ് " ഇവ എല്ലാം സാധ്യമായത്!

**ഉപസംഹാരം**

സ്വർഗാരോഹണത്തെ കുറിച്ച് പറഞ്ഞിട്ടുള്ള എല്ലാം നാം നോക്കിയിട്ടില്ല, എന്നാൽ ക്രിസ്തുവിന്റെ ഈ ഭൂമിയിലെ ശുശ്രൂഷ ഉച്ചസ്ഥായിയിലെത്തിയ സംഭവങ്ങളെ നാം അനുമോദിക്കുവാൻ മതിയായത്ര പറഞ്ഞിട്ടുണ്ടെന്ന് കരുതുന്നു. യേശു ഇപ്പോൾ സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തി

രുന്നു തന്റെ രാജ്യമാകുന്ന സഭയെ വാഴുകയും നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുകയുമാണ്. അവന്റെ രണ്ടാം വരവിൽ അവനുള്ളവരായ നമ്മെ അവൻ മേഘത്തിൽ എടുക്കപ്പെടുന്നതാണ്, അടുത്ത ഉച്ചസ്ഥാനത്തുള്ള നടപടി. നാം നമ്മുടെ പഠനത്തിന്റെ അവസാനമെത്തുമ്പോൾ, നാം ഈ ചോദ്യം ചോദിക്കണം: "അവന്റെ രണ്ടാം വരവിനായി നാം ഒരുങ്ങിയിട്ടുണ്ടോ?"

രാജാവായി കിരീടധാരണം നടത്തുവാനായിരുന്നു യേശു സ്വർഗത്തിലേക്ക് പോയത്. നിങ്ങളുടെ സ്വന്ത ഹൃദയത്തിൽ അവനെ രാജാവായി സ്വീകരിച്ചിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിന്റെ കർത്താവായി അവനെ ഏറ്റു പറയുകയും നിങ്ങളുടെ ജീവിതം അവന്നു കീഴ്പ്പെടുത്തുവാൻ താഴ്മയോടെ അവനെ അനുസരിച്ചിട്ടുണ്ടോ (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38?[20] ഇല്ലെങ്കിൽ, ഇന്നു തന്നെ നിങ്ങൾ അതു ചെയ്യുവാനായി ഞാൻ പ്രാർത്ഥിക്കുന്നു. ഒരാത്മാവെങ്കിലും അനുസരണത്തോടെ പ്രതികരിച്ചാൽ, ഈ പാഠങ്ങളും പ്രസംഗങ്ങളും തയ്യാറാക്കുവാൻ ചെലവഴിച്ച എല്ലാ സമയവും പരിശ്രമവും പ്രയോജനമുള്ളതായി തീരും. ഓരോരുത്തരേയും ദൈവം അനുഗ്രഹിക്കട്ടെ!

### പ്രസംഗക്കുറിപ്പുകൾ

ഈ പ്രസംഗങ്ങൾ തയ്യാറാക്കുന്നതിന് പല ഉറവിടങ്ങളിലും ആലോചന ചോദിച്ചിട്ടുണ്ട്, എന്നാൽ എന്റെ പ്രാഥമിക നോട്ടുകൾ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ദ അസെൻഷൻ ഇൻ ദ ക്രൈസസ് ഓഫ് ദ ക്രൈസ്റ്റ് എന്ന പുസ്തകത്തിലെ അദ്ധ്യായങ്ങളിൽനിന്നും, ആ വാല്യത്തിന്റെ അവസാന അദ്ധ്യായങ്ങളിൽനിന്നുമാണ്.[21] വീണ്ടും, മതിപ്പ് കൊടുക്കേണ്ട എല്ലാവർക്കും അതു കൊടുക്കുവാൻ കഴിയാഞ്ഞതിൽ ക്ഷമ ചോദിക്കുന്നു.

ഈ പാഠം അവതരിപ്പിക്കുമ്പോൾ ഞാൻ ഫ്ളാനൽഗ്രാഫ് ഉപയോഗിക്കാറുണ്ട്, പ്രസംഗം പുരോഗമിക്കുന്നതനുസരിച്ച് ഓരോ കഷണങ്ങളായി ഉപയോഗിക്കും. ബോർഡിന്റെ ഉടത്തുവശത്ത് സ്വർഗാരോഹണത്തെ കേന്ദ്രീകരിക്കും, എന്നാൽ വലത്തുവശത്തായി അപ്പൊസ്തലന്മാരുടെ സ്വാധീനത്തെയും കാണിക്കും. അവതരണത്തിന്റെ അവസാനം എങ്ങനെയിരിക്കുമെന്ന് കാണിക്കുന്നതാണ് ക്രിസ്തുവിന്റെ സ്വർഗാരോഹണം എന്ന ചാർട്ട്. കടയിൽനിന്ന് ഫ്ളാനൽഗ്രാഫിന്റെ കഷണങ്ങളുള്ള പാക്കറ്റ് കിട്ടും (കറുത്ത ബോർഡറോടുകൂടിയ 1/4 ഇഞ്ചു അളവുള്ളതായിരിക്കും), അതു ചിത്രീകരണത്തിന് ഉപയോഗിക്കാം. നിങ്ങൾക്ക് രണ്ടു-വശമുള്ള പേപ്പറിൽ, വളരെ ലളിതമായ ചിത്രീകരണം വരക്കുവാൻ സാധിക്കും (ചാർട്ടിലേതുപോലെ). ചാർട്ട് ചോക്ക് ബോർഡ് അവതരണമായി ഉപയോഗിക്കാം. വിഷയസംബന്ധമായ സമീപനമാണ് ഈ പ്രസംഗത്തിലുള്ളത്. നിങ്ങൾക്ക് വേണമെങ്കിൽ സ്വർഗാരോഹണത്തെ കുറിച്ചുള്ള മുഖ്യ വാക്യങ്ങളെടുത്ത് അവതരിപ്പിക്കാം.

---

കുറിപ്പുകൾ

[1]ഈ തലവാചകം എടുത്തിരിക്കുന്നത് 1 തിമൊഥെയൊസ് 3:16-ൽ നിന്നാണ്. [2]ലൂക്കൊസ് 24:39. ഈ പുസ്തകത്തിൽ ആദ്യം വന്ന "യേശുവിന്റെ ഉയർക്കപ്പെട്ടശരീരം" എന്നതു നോക്കുക. [3]യേശു വീണ്ടും വരുമ്പോൾ എല്ലാം നേരെയാക്കുന്നതു - ഭൗതികമായിട്ടല്ല, പിന്നെയോ ആത്മിയമായിട്ടാണ് എന്നു സൂചിപ്പിക്കുന്നതാണ് "അവൻ സക

ലവും യഥാസ്ഥാനത്താക്കും" എന്നത് അർത്ഥമാക്കുന്നത്. [4]പുതിയനിയമനായകന്മാരുടെ കീഴടക്കൽ വിജയപ്രദക്ഷിണവും യേശുവിന്റെ സ്വർഗാരോഹണവും തമ്മിൽ താരതമ്യം നടത്താം. എഫെസ്യർ 4:8 നെ കുറിച്ചുള്ള ചുരുക്ക വിവരണത്തിന് "മരിച്ച നീതിമാന്മാർ നേരിട്ട് സ്വർഗത്തിൽ പോകുമോ" എന്ന പാഠം ഈ പുസ്തകത്തിൽ പിന്നീട് വരുന്നത് നോക്കുക. [5]സങ്കീർത്തനങ്ങൾ 68:18 ന്റെ ഉദ്ധരണിയാണിത്. [6]പാതാള ലോകത്തെ ആലങ്കാരികമായി പറഞ്ഞിരിക്കുന്നതാണ് ഇത്. യേശു മരിച്ചവരുടെ പ്രതലത്തിൽ എവിടെയായിരുന്നു എന്നറിയുവാൻ ഈ പുസ്തകത്തിലുള്ള "റോമൻ കുരിശിൽ ആറു മണിക്കൂർ" എന്നതും "ചരിത്രത്തിലെ മൂന്നു പ്രധാന ദിവസങ്ങൾ" എന്നതും നോക്കുക. [7]മശിഹാ പ്രവചനമായ സങ്കീർത്തനങ്ങൾ 2:9-ൽ നിന്നാണ് ഈ പദപ്രയോഗം (അതായത്, ക്രിസ്തുവിനെ കുറിച്ച് പറഞ്ഞിട്ടുള്ള സങ്കീർത്തനങ്ങൾ). [8]യെഹൂദസമയക്രമമനുസരിച്ച്, യേശു പെസഹാ ഭക്ഷിച്ച അതേ ദിവസം മരിച്ചു (സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെ ദിവസം കണക്കു കൂട്ടുമ്പോൾ). പെസഹക്കും പെന്തെകൊസ്തുനാളിനുമിടക്ക് അമ്പതു ദിവസമുണ്ട് (ലേവ്യാപുസ്തകം 23:15, 16 ഉം ആവർത്തനപുസ്തകം 16:9 ഉം നോക്കുക). [9]നിങ്ങളുടെ ശ്രോതാക്കൾക്ക് ഒളിമ്പിക്ക് ഗെയിം പരിചയമുണ്ടെങ്കിൽ, "ഓട്ടം ജയിക്കുന്നതാണോ അതോ വിജയിച്ച് സ്വർണ്ണമെഡൽ കരസ്ഥമാക്കുന്നതാണോ ഏതാണ് കൂടുതൽ ആഹ്ലാദിപ്പിക്കുന്നത്?" എന്ന് ചോദിക്കുക. [10]വീട്ടിലേക്ക് മടങ്ങി വരുന്നതിന്റെ സന്തോഷം മനസിലാക്കുവാൻ നിങ്ങളുടെ ശ്രോതാക്കൾക്ക് മനസിലാകുന്ന ചിത്രീകരണങ്ങൾ നൽകുക.

[11]ഫിലിപ് യാൻസി, *ദ ജീസസ് ഐ നെവെർ ന്യൂ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1995), 226. [12]എന്തായിരുന്നു ആ പേര്? അതു "യേശു" എന്നായിരുന്നു എന്ന് അടുത്ത വാക്യം പറയുന്നു. യേശുവിന്റെ ജനനത്തിൽ ആ പേരിടുന്നതു ആരെങ്കിലും എതിർക്കുകയാണെങ്കിൽ (മത്തായി 1:21 നോക്കുക) പിന്നീട് അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ പ്രതീക്ഷിച്ചുകൊണ്ടായിരുന്നു എന്നു വ്യക്തമാക്കുന്നു. ഇപ്പോൾ അതു വാസ്തവമായി തീർന്നു - കാരണം അവൻ വീണ്ടെടുപ്പ് പൂർത്തിയാക്കി. [13]ദൈവമുള്ള സ്വർഗത്തേക്ക് യേശു ആകാശത്തിലൂടെ കടന്നു പോയി എന്നു പറയുന്നതു പക്ഷികളുള്ള ആകാശവും നക്ഷത്രങ്ങളുള്ള ആകാശവുമെല്ലാം ആലങ്കാരികമായി പറഞ്ഞിരിക്കുന്നതാണ്. [14]ഇതിനർത്ഥം യേശു നമ്മുടെ പാപം ക്ഷമിക്കയും സ്വാഭാവികമായി അവ നീങ്ങുകയും ചെയ്തു എന്നല്ല, എന്നാൽ നന്മ ചെയ്വാനുള്ള നമ്മുടെ ശ്രമത്തിൽ നാം നേരിടുന്ന വിഷമം അവൻ മനസിലാക്കുകയും നമ്മോട് സഹതപിക്കുകയും ചെയ്യും എന്നതു എത്ര ആശ്വാസകരമാണ്. [15]എനിക്കറിയാവുന്നേടത്തോളം, ഈ ഒരു സമയത്തു മാത്രമാണ്, യേശു ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നതിനു പകരം "നിൽക്കുന്നതായി" കാണുന്നത്. ആദ്യ ക്രിസ്തീയ രക്തസാക്ഷിയോടുള്ള ബഹുമാനസൂചനയാണ് അതെന്ന് ചിലർ വിശ്വസിക്കുന്നു. [16]വർത്തമാന-കാല കിരീടധാരണത്തെ കുറിച്ച് നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുണ്ടെങ്കിൽ, ഒരുപക്ഷെ അവർക്ക് പണ്ടത്തെ ഈ ആചാരം (ടെലിവിഷന് മുമ്പ്): ഒരു രാജാവിനെ അഭിഷേകം ചെയ്യുന്നത് മിക്ക പ്രജകൾക്കും കാണുവാൻ കഴിഞ്ഞിരുന്നില്ല; എന്നാൽ കിരീടധാരണം കഴിഞ്ഞ്, ആരെങ്കിലും പുറത്തു വന്ന് അതു സംഭവിച്ചു കഴിഞ്ഞതായി പ്രഖ്യാപിക്കും. അപ്പോൾ ആളുകൾ ആഹ്ലാദപ്രകടനം നടത്തും. അതുപോലെ, ഫലത്തിൽ, പത്രൊസ് പറഞ്ഞു, ആത്മാവ് വരുന്നത് യേശു രാജാവായി കിരീടധാരണം കഴിഞ്ഞു എന്നതിന്റെ *പ്രഖ്യാപനം* ആണ്. [17]"നശിച്ചുപോകാത്ത രാജ്യം" എന്ന ദാനിയേൽ 7 ലെ പ്രസ്താവന ദാനിയേൽ 2:44 ലേതുപോലെയാണ്, അതു മശിഹാ രാജ്യത്തിന്റെ/സഭയുടെ സ്ഥാപനത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു. ഈ വാഗ്ദാനം നശിച്ചുപോകാത്ത രാജ്യത്തെ/സഭയെ കുറിച്ച് മത്തായി 16:18, 19-ൽ വാഗ്ദാനം ചെയ്യുന്നതുപോലെയാണ്. [18]പുതിയനി

യമത്തിൽ യേശു “കർത്താവ്” എന്നു പറയുന്ന എല്ലാ വാക്യവും എടുത്തുകാണിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഉദാഹരണങ്ങൾ ഇതാ: പ്രവൃത്തികൾ 2:36; റോമർ 1:4; 1 കൊരിന്ത്യർ 8:5, 6; യാക്കോബ് 2:1; യൂദാ 4. [19]അവരുടെ ഉള്ളിൽ എന്തെങ്കിലും ചോദ്യം ഉണ്ടായിരുന്നുവെങ്കിൽ, “വെള്ള വസ്ത്രം ധരിച്ച ആ രണ്ടു പുരുഷന്മാർ” അതു ദൂരീകരിച്ചു (പ്രവൃത്തികൾ 1:10, 11). [20]നിങ്ങൾ ഇതു പ്രസംഗിക്കുമ്പോൾ, അ - ക്രൈസ്തവർ സ്നാനമേറ്റു ക്രിസ്ത്യാനികളാകുന്നതിനും, അവിശ്വസ്തരായി തീർന്ന ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെടുവാനും ഉൽസാഹിപ്പിക്കണം (പ്രവൃത്തികൾ 8:22; യാക്കോബ് 5:16).

[21]ജി. കാമ്പെൽ മോർഗൻ *ദ ക്രൈസസ് ഓഫ് ദ ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഫ്ളെമിങ്ങ് എച്ച്. റെവൽ കമ്പനി., 1936), 385–449.

